

**എൽ. സന്ധ്യാറാണി**
ചൈൽഡ് ആൻഡ് ഫാമിലി
കൗൺസിലർ,
തിരുവനന്തപുരം
www.consolace.com

# വിവാഹേതരബന്ധങ്ങൾ
## പെരുകുന്ന കേരളം

കേരളത്തിലെ കുടുംബകോടതികളിൽ രജിസ്റ്റർ ചെയ്യുന്ന വിവാഹമോചന കേസുകളുടെ എണ്ണം ഓരോ വർഷവും കുതിച്ചുയരുകയാണ്. എന്തുകൊണ്ട് വിവാഹമോചനം വർധിക്കുന്നുവെന്ന ചോദ്യത്തിനു ഉത്തരംതേടി അധികം അലയേണ്ടതില്ല. വിവാഹേതരബന്ധങ്ങൾ തന്നെയാണ് പ്രധാന കാരണം



കേരളത്തിൽ വിവാഹേതര ബന്ധങ്ങൾ വർധിക്കുന്നതിനൊപ്പം അതുവഴിയുള്ള വിവാഹമോചന കേസുകളും കുതിച്ചുയരുന്നു. പല സാഹചര്യങ്ങളിലും പുരുഷന്മാർ വിവാഹിതരായ സ്ത്രീകളെ ഇരയാക്കുകയാണെങ്കിൽ പുരുഷന്മാരെ വിവാഹേതരബന്ധത്തിനു പ്രേരിപ്പിക്കുന്ന നിരവധി സ്ത്രീകളും ഇവിടെയുണ്ട്. വിവാഹേതര ബന്ധങ്ങളിലേക്കു വഴുതി വീഴുന്നവർക്കു അവരവരുടേതായ കാരണങ്ങൾ ഉണ്ടാകുമെങ്കിലും ആ കാരണങ്ങൾ അവരെ സംബന്ധിച്ചു ആ ബന്ധത്തെ ന്യായീകരിക്കാനുള്ള ഉപാധി മാത്രമാണ്

കേരളത്തിലെ കുടുംബകോടതികളിൽ രജിസ്റ്റർ ചെയ്യുന്ന വിവാഹമോചന കേസുകളുടെ എണ്ണം ഓരോ വർഷവും കുതിച്ചുയരുകയാണ്. എന്തുകൊണ്ട് വിവാഹമോചനം വർധിക്കുന്നുവെന്ന ചോദ്യത്തിനു ഉത്തരംതേടി അധികം അലയേണ്ടതില്ല. വിവാഹേതരബന്ധങ്ങൾ തന്നെയാണ് പ്രധാന കാരണം. പരസ്പര വിശ്വാസത്തോടെയും സ്നേഹത്തോടെയും ജീവിക്കേണ്ട ദമ്പതികൾ ദാമ്പത്യത്തിന്റെ അടിസ്ഥാന പ്രമാണങ്ങളെ കാറ്റിൽ പറത്തി മുന്നേറുന്ന കാഴ്ച.

വിവാഹമോചനങ്ങൾക്കൊപ്പം വിവാഹേതരബന്ധങ്ങളുടെയും സ്വന്തം നാടായി കേരളം മാറുകയാണ്. കാമുകന്റെ കൂടെ ജീവിക്കാൻ ഭർത്താവിനെ ക്വട്ടേഷൻ കൊടുത്ത് കൊല്ലിച്ച യുവതിയും മുൻ കാമുകിയോടൊപ്പം ജീവിക്കാൻ തടസം നിന്ന ഭാര്യയെ കഴുത്തു ഞെരിച്ചുകൊന്ന് കെട്ടിത്തൂക്കുന്ന ഭർത്താവും വിദേശത്തുള്ള ഭർത്താവിനെ മറന്ന് തന്നെക്കാൾ പ്രായം കുറഞ്ഞ ചെറുപ്പക്കാരനുമായി ഒളിച്ചോടുന്ന വീട്ടമ്മയും ഒരേ കട്ടിലിലിൽ കിടക്കുന്ന ഭാര്യയെ ഉറക്കിക്കിടത്തി അന്യസ്ത്രീകളുമായി ചാറ്റു ചെയ്യുന്ന പുരുഷനുമെല്ലാം ഇന്നു കേരളീയ കുടുംബജീവിതത്തിന്റെ നേർസാക്ഷ്യങ്ങളാവുകയാണ്. ആരുടെ ഭാഗത്താണു ശരി, എവിടെയാണു തെറ്റ് എന്നൊന്നും തിരിച്ചറിയാൻ കഴിയാതെ വിവാഹേതരബന്ധങ്ങൾ അനസ്യൂതം തുടരുന്ന കാലമാണിത്.

## സ്വാതന്ത്ര്യത്തിന്റെ നീലാകാശത്ത്

ഭർത്താവും ഭാര്യയും സ്വതന്ത്രരാവുകയും ഇരുവർക്കും വ്യക്തിഗത വരുമാനങ്ങളും സൗഹൃദങ്ങളും വർധിക്കുകയും സാങ്കേതികവിദ്യകൾ കൂടുതൽ സൗകര്യം ഒരുക്കുകയും ചെയ്യുന്നതോടെ കേരളത്തിൽ അവിഹിതബന്ധങ്ങളുടെ ഗ്രാഫ് ഉയരുന്നുവെന്നാണു പഠനങ്ങൾ വ്യക്തമാക്കുന്നത്.

> സമൂഹത്തെക്കാൾ വ്യക്തിക്കാണു പ്രാധാന്യമെന്ന അവസ്ഥ കൈവരികയും ലൈംഗിക സ്വാതന്ത്ര്യം അവകാശമായി പുതുതലമുറ ചിന്തിക്കുകയും ചെയ്തു തുടങ്ങി. ആൺ, പെൺ വ്യത്യാസമില്ലാതെ സാമ്പത്തിക സ്വയംപര്യാപ്തകൂടി കൈവന്നതോടെ സ്വാതന്ത്ര്യം ആർക്കും എവിടെയും എപ്പോഴും ആഘോഷിക്കാവുന്ന അവസ്ഥയിലെത്തി

മറ്റൊരു സ്ത്രീയോടോ, പുരുഷനോടോ തോന്നുന്ന അതിരുകവിഞ്ഞ താൽപര്യം എന്തുകൊണ്ട് സ്വന്തം ഭാര്യയോടോ, ഭർത്താവിനോടോ തോന്നുന്നില്ല എന്നതാണ് ഇവിടത്തെ പ്രശ്നം. അവിഹിതബന്ധങ്ങൾ ഒരിക്കലും ഹിതമല്ല എന്നിരിക്കെ അതു കുടുംബാന്തരീക്ഷത്തെ പൂർണമായും തളർത്തുകയും തകർക്കുകയും ചെയ്യുമെന്ന് ആരും ചിന്തിക്കുന്നില്ല.

പിന്നൊരിക്കലും കെട്ടിപ്പെടുക്കാൻ കഴിയാത്ത അവസ്ഥയിലേക്കും ചിലപ്പോൾ ചിരകാല വേർപിരിയലിലേക്കും അതുനയിക്കുമെന്നിരിക്കെ അവിഹിതബന്ധത്തിനു കൂട്ടൊരിക്കിയവർപോലും ഇത്തരം പ്രതിസന്ധിയിൽ കൂടെ ഉണ്ടായിരിക്കണമെന്നില്ല. വിവാഹേതരബന്ധങ്ങളിൽ കുടുങ്ങി സ്വന്തം കുടുംബജീവിതം തന്നെ അപകടത്തിലാകുന്ന അവസ്ഥയിൽ പരിഹാരം തേടി കൗൺസിലിംഗ് സെന്ററുകളെ സമീപിക്കുന്ന സ്ത്രീ പുരുഷൻമാരുടെ എണ്ണവും നാൾക്കുനാൾ വർധിക്കുകയാണ്.

## ചുംബന സമരങ്ങളുടെ സന്ദേശം

കഴിഞ്ഞ ഇരുപത് വർഷത്തിനിടെ സാമൂഹ്യാവസ്ഥയിലുണ്ടായ മാറ്റം കേരളത്തിലെ കുടുംബാന്തരീക്ഷത്തിന്റെ കെട്ടുറപ്പിനെ തന്നെ മാറ്റികഴിഞ്ഞു. സമൂഹത്തെക്കാൾ വ്യക്തിക്കാണു പ്രാധാന്യമെന്ന അവസ്ഥ കൈവരികയും ലൈംഗിക സ്വാതന്ത്ര്യം അവകാശമായി പുതുതലമുറ ചിന്തിക്കുകയും ചെയ്തു തുടങ്ങി. ആൺ, പെൺ വ്യത്യാസമില്ലാതെ സാമ്പത്തിക സ്വയംപര്യാപ്തകൂടി കൈവന്നതോടെ സ്വാതന്ത്ര്യം ആർക്കും എവിടെയും എപ്പോഴും ആഘോഷിക്കാവുന്ന അവസ്ഥയിലെത്തി. പൊതുനിരത്തിൽ പരസ്പരം ചുംബിക്കാനുള്ള അവകാശത്തിനു വേണ്ടി പോരാടുന്ന യുവതലമുറ ദാമ്പത്യം എന്ന പവിത്രമായ സങ്കൽപത്തെതന്നെ തല്ലിതകർക്കുകയാണ്.

ജോലിസ്ഥലത്തും പുറത്തും അന്യപുരുഷനും അന്യസ്ത്രീക്കും പരസ്പരം ഇടപെഴകാനും ആഘോഷിക്കാനുമുള്ള സാഹചര്യങ്ങൾകൂടി വർധിച്ചതോടെ കുടുംബം എന്നത് രണ്ടാംസ്ഥാനത്തേക്കു പിന്തള്ളപ്പെട്ടു. കാണാമറയത്തിരുന്നു പരസ്പരം കണ്ടുസംസാരിക്കാവുന്ന വിധത്തിലേക്കു സാങ്കേതികവിദ്യ വളരുകയും ജോലിത്തിരക്കുകളുടെയും മാനസിക പിരിമുറുക്കങ്ങളുടെയും ഇടയിൽ ദമ്പതികൾ തമ്മിലുള്ള ആശയവിനിമയം കുറഞ്ഞുപോയതും വിവാഹേതരബന്ധങ്ങൾക്കു വഴിയൊരുക്കി.

സ്വകാര്യസ്ഥാപനങ്ങളിലെ ഷിഫ്റ്റ് സമ്പ്രദായം തമ്മിൽ കാണാൻ കഴിയാത്ത അവസ്ഥയിലേക്കു ദമ്പതികളെ കൊണ്ടെത്തിച്ചു. വിവാഹേതര ബന്ധങ്ങൾ നാട്ടിൻപുറങ്ങളിൽ ഇന്നു വാർത്തകളാണെങ്കിൽ നഗരങ്ങളിൽ ഇന്ന് അതൊരു കേൾവിവാക്കുപോലും അല്ലാതായിരിക്കുന്നു.

## തകരുന്ന വിശ്വാസം

ഭാര്യാഭർത്താക്കൻമാരുടെ വിവാഹേതര ബന്ധങ്ങൾ കേരളത്തിൽ അടുത്തകാലത്തായി വർധിച്ചു വരുകയാണ്. പരസ്പരം മടിയോ, മറയോ ഇല്ലാതെ ഭാര്യയും ഭർത്താവും പരസ്പരം അവിഹിതബന്ധങ്ങൾ ആസ്വദിക്കുന്ന സാഹചര്യത്തിൽവരെ കാര്യങ്ങൾ എത്തിനിൽക്കുന്നു. ഇത്തരത്തിൽ ഒരുവശത്ത് സദാചാര സംസ്കാരം തന്നെ തകർന്നടിയുമ്പോൾ മറ്റൊരുവശത്തു ഭർത്താവിന്റെയും ഭാര്യയുടെയും വഴിവിട്ട ബന്ധങ്ങൾ ഏറുകയാണ്.

പണ്ടൊക്കെ ദാമ്പത്യത്തിലെ സ്വരച്ചേർച്ചകൾ ബന്ധുക്കളോടു പങ്കുവയ്ക്കുമായിരുന്നെങ്കിൽ അണുകുടുംബങ്ങളിലേക്കു ജീവിതം പറിച്ചുനട്ടതോടെ ചിന്തകളും വിചാരങ്ങളും പ്രശ്നങ്ങളും പങ്കുവയ്ക്കാൻ, പ്രത്യേകിച്ചു കുടുംബിനികളായ സ്ത്രീകൾക്ക് ഒരിടം ഇല്ലാതെ വന്നിരിക്കുന്നു. ഫേസ്ബുക്കിലും വാട്സ്ആപ്പിലും ‘ഫീലിങ് സാഡും’ ‘ഫീലിങ് ആൻഗ്രി’യും പോലുള്ള സ്റ്റാറ്റസുകൾ അപ്ഡേറ്റ് ചെയ്യുന്നവരെ ആശ്വസിപ്പിക്കാൻ നൂറുകണക്കിനു അപരിചിതർ ‘വാട്സ് റോങ് വിത്ത് യു?’ എന്നു ചോദിച്ചെത്തുന്ന കാലമാണിത്. ഇവരുടെ വഴിവിട്ടുള്ള ആശ്വാസ സാമിപ്യത്തിൽ അകപ്പെട്ടുപോയാൽ പലപ്പോഴും അത് അരുതാത്ത ബന്ധ

ത്തിലേക്കു നയിക്കാനാണു സാധ്യത. പിന്നീടൊരിക്കൽ അവിഹിത ബന്ധത്തിനു തടസം നേരിടുമ്പോൾ അയച്ച മെസേജുകളും നഗ്നചിത്രങ്ങളും കാട്ടി ഭീഷണിപ്പെടുത്തുന്നതും പലരും നേരിട്ട ദുരനുഭവമാണ്.

## അവിഹിതബന്ധങ്ങൾക്ക് പ്രധാനകാരണം

കഴിഞ്ഞ രണ്ടുവർഷത്തിനിടെ കേരള പൊലിസ് രജിസ്റ്റർ ചെയ്തത് ആറായിരത്തിലേറെ ഒളിച്ചോട്ട കേസുകളാണ്. ഇതിൽ അറുപത്തിയഞ്ച് ശതമാനത്തോളം പേരും വിവാഹിതരായ സ്ത്രീകളാണ്. മുപ്പത്തിയഞ്ച് ശതമാനം മാത്രമാണു അവിവാഹിതരായ പെൺകുട്ടികളുടെ നിരക്ക്. വിവാഹിതരായ സ്ത്രീകളിൽ 15 ശതമാനവും തങ്ങളേക്കാൾ പ്രായം കുറഞ്ഞ യുവാക്കളോടൊപ്പമാണു ഒളിച്ചോടിയത്. ഇതിൽ പത്തു ശതമാനവും ഒന്നോ, രണ്ടോ കുട്ടികളുടെ അമ്മമാരാണ്. നൊന്തു പ്രസവിച്ച മക്കളെ വരെ ഉപേക്ഷിച്ചാണു പല അമ്മമാരുടെയും ഒളിച്ചോട്ടം. മരുമകളോ മകളോ ഒളിച്ചോടിയതിന്റെ പേരിൽ വീടുവിറ്റ് നാട്ടിൽനിന്നുതന്നെ പലായനം ചെയ്യേണ്ടിവന്ന കുടുംബങ്ങളും നിരവധി.

വിവാഹമോചന നിരക്കിൽ മുന്നിൽ നിൽക്കുന്ന കേരളം വിവാഹേതരബന്ധം മുഖേനയുള്ള ഒളിച്ചോട്ട കണക്കുകളിലും മുന്നിലെത്താൻ മത്സരിക്കുകയാണ്. ഒരുവർഷം മുപ്പതിനായിരത്തിലേറെ വിവാഹമോചന കേസുകളാണു കുടുംബകോടതിയുടെ പരിഗണനയിലെത്തുന്നത്. അവിഹിതബന്ധങ്ങളാണ് ഇതിൽ മിക്ക കേസുകളിലെയും പ്രധാന കാരണം.

## എന്തുകൊണ്ട് വിവാഹേതര ബന്ധങ്ങൾ?

സ്വന്തം പങ്കാളിയിൽനിന്നുള്ള മാനസികവും ശാരീരികവുമായ പരിചരണവും ശ്രദ്ധയും യഥാസമയം ലഭിക്കാതെ വരുമ്പോഴോ പങ്കാളിയിൽ നിന്നും അവഗണിക്കപ്പെടുന്നുവെന്ന തോന്നലുണ്ടാകുമ്പോഴോ ആണ് പലരും വിവാഹേതര ബന്ധങ്ങളിലേക്കു വഴുതിവീഴുന്നത്. കിടപ്പറയിലെ പ്രശ്നങ്ങളും ഇതിനു ഒരു പരിധിവരെ കാരണമാകാം. ആഗ്രഹിക്കുന്ന സമയത്ത് പരിഗണനയും സ്നേഹവും ലഭിക്കാതെ വരുമ്പോൾ മനസുകൊണ്ട് മറ്റൊരാളെ തിരഞ്ഞുപോകാം. അത്തരം വീർപ്പുമുട്ടലുകളിൽ അപ്രതീക്ഷിതമായെത്തുന്ന പരിചയക്കാരിൽ ആകൃഷ്ടരാകപ്പെട്ടുവെന്നും വരാം. അവിടെ സ്വന്തം കുടുംബത്തെക്കുറിച്ചോ സമൂഹത്തെക്കുറിച്ചോ ഒന്നും ചിന്തിച്ചുവെന്നും വന്നേക്കില്ല. ഈ അപ്രതീക്ഷിത സൗഹൃദം വഴിവിട്ട ബന്ധമായി കലാശി

വിവാഹമോചന നിരക്കിൽ മുന്നിൽ നിൽക്കുന്ന കേരളം വിവാഹേതര ബന്ധം മുഖേനയുള്ള ഒളിച്ചോട്ട കണക്കുകളിലും മുന്നിലെത്താൻ മത്സരിക്കുകയാണ്. ഒരു വർഷം മുപ്പതിനായിരത്തിലേറെ വിവാഹമോചന കേസുകളാണു കുടുംബകോടതിയുടെ പരിഗണനയിലെത്തുന്നത്. അവിഹിതബന്ധങ്ങളാണ് ഇതിൽ മിക്ക കേസുകളിലെയും പ്രധാന കാരണം

ക്കാൻ അധികം വൈകേണ്ടതില്ല. വിവാഹേതര ബന്ധങ്ങൾക്ക് അവഗണന ഒരു കാരണമാണെങ്കിൽ ലൈംഗികമായോ, ശാരീരികമായോ, മാനസികമായോ പങ്കാളിയിൽനിന്നും നിരന്തരം അനുഭവിക്കേണ്ടിവരുന്ന പീഡനമാണു മറ്റൊരു വസ്തുത. കൂടാതെ തന്റെ ഇഷ്ടാനിഷ്ടങ്ങൾക്കു പങ്കാളിയിൽനിന്നും വേണ്ടത്ര ശ്രദ്ധ ലഭിക്കാതെ വരുമ്പോൾ, തീർത്തും ഒറ്റപ്പെടുന്ന അവസ്ഥയിൽ അവനോ അവളോ മറ്റൊരാളോട് മനസ് തുറക്കാൻ ശ്രമിക്കാനും ഇടയുണ്ട്. ഇങ്ങനെ വന്നുചേരുന്ന സുഹൃത്തുക്കളിൽ അന്യന്റെ കുടുംബപരാജയങ്ങൾ മുതലെടുക്കാൻ ശ്രമിക്കുന്ന ഒരു ന്യൂനപക്ഷമെങ്കിലും ആശ്വാസം പകരുന്നുവെന്ന വ്യാജേന കിട്ടിയ അവസരം മുതലെടുക്കുന്ന സംഭവങ്ങളും വിരളമല്ല.

വിരുന്നെത്തിയ സുഹൃത്തിനു ഹൃദയം കൈമാറിക്കഴിയുമ്പോൾ സ്വന്തം പങ്കാളിയോട് തീർത്തും പകയും വെറുപ്പും വിദ്വേഷവും തുടങ്ങാൻ കാലതാമസമുണ്ടാകില്ല. ജോലിയുമായി ബന്ധപ്പെട്ടു ഭർത്താവ് ദൂരസ്ഥലത്തായിരിക്കുമ്പോൾ നേരം പോക്കിന് തുടങ്ങുന്ന ഫോൺ, ചാറ്റിങ് ബന്ധം ഭർത്താവ് തിരികെയെത്തുമ്പോൾ പിടിക്കപ്പെടുന്നതും ദീർഘനാളുകൾക്കുശേഷം ഭർത്താവ് മടങ്ങിയെത്തുമ്പോൾ അതുവരെ തുടർന്നുവന്നിരുന്ന അവിഹിതബന്ധം മുറിഞ്ഞുപോകുമോയെന്ന ഭയം മൂലം ഒളിച്ചോടിപ്പോകുന്നതും കേരളത്തിലെ അനുഭവങ്ങളാണ്. അതേസമയം പുരുഷൻമാരെ വിവാഹേതര ബന്ധത്തിനു പ്രേരിപ്പിക്കുന്ന നിരവധി സ്ത്രീകളും ഇവിടെയുണ്ട്.

മാന്യമായി ജീവിക്കുന്ന പുരുഷൻമാരെയാണ് ഇത്തരക്കാർ വലയിൽ കുടുക്കുന്നത്. ഇവരുടെ സ്വാധീനത്തിൽ വശംവദരായി തീർന്നു കഴിഞ്ഞാൽ ആത്യന്തികമായി അവർക്കു നഷ്ടപ്പെടുന്നതു സ്വന്തം കുടുംബം തന്നെയായിരിക്കും. ഈ പുരുഷൻമാർക്ക് അഭിമാന നഷ്ടത്തിനൊപ്പം തന്നെ പലപ്പോഴും സാമ്പത്തിക നഷ്ടവും സംഭവിക്കാറുണ്ടെന്നത് മറ്റൊരു യാഥാർഥ്യം.

## തെറ്റിപ്പോയ കുടുംബസംവിധാനം

കൂട്ടുകുടുംബങ്ങളിൽനിന്നും അണുകുടുംബങ്ങളിലേക്കും ഫ്ളാറ്റ് ജീവിതത്തിലേക്കും യൗവനങ്ങളെ പറിച്ചുനട്ടപ്പോൾ പ്രത്യേകിച്ചും തൊഴിൽ രഹിതരായ സ്ത്രീകൾക്ക് അനുഭവിക്കേണ്ടിവരുന്ന ഏകാന്തത അവരെ തെല്ലൊന്നുമല്ല അലോസരപ്പെടുത്തുന്നത്. കംപ്യൂട്ടറിലും മൊബൈൽഫോണിലും അഭയം തേടുന്ന അവർ സംസാരിക്കാൻ ആരെയും തേടിപ്പോയേക്കാം. തന്നെ കേൾക്കാനും പ്രശ്നങ്ങൾ തുറന്നു സംസാരിക്കാനും ഇത്തരത്തിൽ തേടുന്ന സൗഹൃദങ്ങളുടെ അങ്ങേത്തലക്കൽ 90 ശതമാനവും ചതിക്കുഴികളായിരിക്കും. ഈ സാഹചര്യത്തിൽ അവരെ തിരുത്താനോ നല്ല വഴി ഉപദേശിക്കാനോ ആരും കൂടെയില്ലാത്തത് കുടുംബബന്ധങ്ങൾ തകർക്കുന്ന അവസ്ഥയിലെത്തിക്കും. അതേസമയം ഇന്ന് നല്ലൊരുഭാഗം സ്ത്രീകളും സ്വയംപര്യാപ്തരാണ്. അവരവരുടെ ജീവിതത്തിനുവേണ്ട വരുമാനം അവർ ജോലി ചെയ്തുണ്ടാക്കുന്നു. സ്വന്തം ആവശ്യങ്ങൾക്കായി ഒറ്റയ്ക്ക് പുറത്തുപോകുന്നു. ആരെ സുഹൃത്തായി സ്വീകരിക്കണമെന്നോ ആരോട് എന്ത് സംസാരിക്കണമെന്നോ അവർ സ്വയം നിശ്ചയിക്കുന്നു. അവരുടെ സ്വകാര്യതയിൽ ഭർത്താവിനുപോ

### വിവാഹേതര ബന്ധങ്ങൾ ദുരന്തമാണ്

വിവാഹേതര ബന്ധങ്ങളിൽ തൊണ്ണൂറ്റിയൊമ്പതു ശതമാനവും ദുരന്തമാണ്. അല്ലെങ്കിൽ ലഭ്യമായ അറിവുവച്ച് സ്വയം ചിന്തിച്ചുനോക്കുക. താത്കാലിക സന്തോഷത്തിനുവേണ്ടിയുള്ള വഴിവിട്ട ബന്ധങ്ങൾ ഭാവിയിൽ കടുത്ത ദുരന്തങ്ങളാണു സമ്മാനിക്കുക. ചിലപ്പോൾ ഒരു നേരം പോക്കിനായി തുടങ്ങുന്ന ബന്ധം കുടുംബാന്തരീക്ഷത്തെ തകർക്കുമ്പോൾ എന്തു ചെയ്യണമെന്നറിയാതെ നിങ്ങൾ പകച്ചുനിൽക്കേണ്ടി വരും. അവിടെ സ്വന്തം കാൽചുവട്ടിലെ മണ്ണുപോലും നഷ്ടപ്പെട്ട് നിങ്ങൾ നിസഹായരായി തീരും.

ലും റോൾ ഇല്ലാതെ വരുന്നു. കുടുംബം എന്നത് ഭർത്താവും ഭാര്യയും തമ്മിലുള്ള മനസിലാക്കൽ ആണെന്നിരിക്കേ പരസ്പരം പങ്കുവയ്ക്കാൻ കഴിയാത്ത ഈ സ്വയംപര്യാപ്തതയും അപകടം തന്നെയാണ്.

## തെറ്റുകൾ ന്യായീകരിക്കുമ്പോൾ

വിവാഹേതര ബന്ധങ്ങളിലേക്കു വഴുതിവീഴുന്നവർക്കു അവരവരുടേതായ കാരണങ്ങൾ ഉണ്ടാകാം. ആ കാരണങ്ങൾ അവരെ സംബന്ധിച്ചു ആ ബന്ധത്തെ ന്യായീകരിക്കാനുള്ള ഉപാധിമാത്രമാണെന്നു ഓർമിക്കുക. നിങ്ങളുമായി ബന്ധമുള്ള ഒരു കുടുംബത്തെയോ സാമൂഹിക അവസ്ഥയേയോപോലും അത് തകർത്തുകളയും. വിവാഹേതര ബന്ധങ്ങൾ ഒരുതരത്തിലും നല്ലതല്ല. പരസ്പരം പൊരുത്തപ്പെടാൻ ഒരു രീതിയിലും കഴിയാത്ത സാഹചര്യത്തിൽമാത്രം നിയമപരമായി ആ വിവാഹബന്ധം വേർപെടുത്തിയശേഷം മറ്റൊരാളെ നിയമപരമായിതന്നെ ജീവിതത്തിലേക്കു ക്ഷണിക്കുന്നതിനെക്കുറിച്ച് ആലോചിക്കാം. വിവാഹിതരായിരിക്കേ ഒന്നിലേറെ പങ്കാളികളിലേക്കു ജീവിതം പറിച്ചുനടുന്ന പ്രവണത പാടില്ല.

> വിവാഹമോചനം, കുട്ടികളുടെ ഭാവി, കുടുംബത്തിന്റെ സാമൂഹ്യസ്ഥിതി, ബന്ധുക്കൾക്കുണ്ടാകുന്ന അപമാനം തുടങ്ങി ഒരുപാട് ഘടകങ്ങളെ അനാവശ്യബന്ധങ്ങൾ ബാധിക്കുമെന്നതിൽ സംശയമില്ല

വിവാഹേതരബന്ധങ്ങളും തുടർന്നുള്ള ഒളിച്ചോട്ടവുമെല്ലാം കടുത്ത നിയമക്കുരുക്കുകളിലേക്കും സാമൂഹിക പ്രത്യാഘാതങ്ങളിലേക്കും വഴിവെക്കുമെന്നിരിക്കെ അത്തരം ശ്രമങ്ങൾക്കു മുതിരാതിരിക്കുന്നതു തന്നെയാണ് ഉത്തമം. വിവാഹവും കുടുംബജീവിതവുമെല്ലാം വെറും ലൈംഗികതക്കുവേണ്ടി മാത്രമാകരുത്. വിവാഹത്തിലൂടെ സ്ത്രീയും പുരുഷനും ഒന്നാകുന്നതും കുടുംബജീവിതത്തിനു തുടക്കം കുറിക്കുന്നതും വെറും ലൈംഗിക ഇച്ഛയുടെ പൂർത്തീകരണത്തിനു മാത്രമല്ലെന്നും മനുഷ്യന്റെ വ്യക്തിത്വത്തിന്റെ പരിപക്വതക്ക് സഹായിക്കുന്നതാണെന്നും മനസിലാക്കുക.

## പുരുഷനും സ്ത്രീയും ഒരുപോലെ കുറ്റക്കാർ

സ്വന്തം ഭാര്യയെ വഞ്ചിച്ച് അന്യസ്ത്രീയുടെ പിന്നാലെ പോകുന്ന പുരുഷനും ഭർതൃമതിയായിരിക്കെ അന്യന്റെ കിടപ്പറയിലേക്കു പോകുന്ന സ്ത്രീയും ഒരുപോലെ കുറ്റക്കാരാണ്. മിക്ക സന്ദർഭങ്ങളിലും സ്ത്രീകൾ പ്രലോഭനങ്ങൾക്കു വശംവദരാകുകയോ പുരുഷൻമാർ അവരെ ഇരയാക്കുകയോ ആണ് ചെയ്യുന്നത്. ഭർത്താവുമായുള്ള അസ്വാരസ്യങ്ങൾ തുറന്നു പറഞ്ഞ് പരിഹരിക്കാനാണു ഭാര്യമാർ ശ്രമിക്കേണ്ടത്. അവരുടെ പ്രശ്നങ്ങൾ അന്യനാട്ടിലിരിക്കുന്ന ഭർത്താവിനു അയാളുടെ ജോലിതിരക്കിനിടയിൽ ചിലപ്പോൾ മനസിലായിയെന്നു വരില്ല. അതേസമയം പ്രലോഭിക്കാനെത്തുന്ന അന്യപുരുഷൻമാരെ തിരിച്ചറിയാൻ സ്ത്രീകൾക്ക് കഴിയണം.

ശക്തമായി പ്രതികരിച്ചാലോ ഭർത്താവ് ഉൾപ്പടെ കുടുംബത്തിലെ മുതിർന്നവരെ അറിയിച്ചാലോ തന്നെ ഇരയാക്കാൻ ശ്രമിക്കുന്ന പരപുരുഷൻമാരെ ഒഴിവാക്കാമെന്നിരിക്കേ, ദുർബല നിമിഷങ്ങളിൽ അതിനു തയ്യാറാകാതിരിക്കുന്നതാണ് അപകടം. പക്ഷേ, ചില സാഹചര്യങ്ങളിൽ സ്ത്രീകളെ മാത്രം കുറ്റപ്പെടുത്തിയി



ട്ടും കാര്യമില്ല. കുടുംബിനികളായ ഓരോ സ്ത്രീയുടെയും ആവശ്യങ്ങൾ വ്യത്യസ്തമാണ്. ഒരാൾക്ക് സാമ്പത്തിക സുരക്ഷയാണ് ആവശ്യമെങ്കിൽ മറ്റൊരാൾക്ക് ആവശ്യം മാനസിക പിന്തുണയാണ്. മറ്റുചിലർക്കാകട്ടെ സ്വകാര്യമായ മറ്റുചില താൽപര്യങ്ങളും. ഇവിടെ അവരുടെ ആവശ്യങ്ങൾ മനസിലാക്കാൻ ഭർത്താവിന് കഴിയാത്തതാണു പരാജയം.

വിവാഹേതര ബന്ധങ്ങൾക്കു വഴി തെളിക്കുന്നതിൽ നമ്മുടെ മാധ്യമങ്ങളും ഒരു പങ്കുവയ്ക്കുന്നുണ്ട്. കുടുംബിനികളായ സ്ത്രീകളെ സംബന്ധിച്ചു ടെലിവിഷൻ സീരിയലുകൾക്ക് അടിമപ്പെട്ടാണു പലരുടെയും ജീവിതം. അൽപംകൂടി വിദ്യാഭ്യാസ ബോധം ഉയർന്നവരാണെങ്കിൽ ഇന്റർനെറ്റിനെ കൂട്ടുപിടിക്കുന്നു. സീരിയൽ കഥാപാത്രങ്ങൾ സംസാരിക്കുന്ന ഭാഷയും പ്രയോഗങ്ങളും സ്വന്തം കുടുംബത്തിലും പകർത്താൻ ശ്രമിക്കുന്നവരും വിരളമല്ല.

## കുടുംബ ജീവിതത്തിലേക്ക് തിരികെ വരാം

തെറ്റുപറ്റിപ്പോയെന്ന തിരിച്ചറിവ് ഏറെ പ്രധാനമാണ്. അത് പങ്കാളിയോടു തുറന്നു പറയുക. അയാളുടെ മാനസികബോധത്തെ തൃപ്തിപ്പെടുത്താനാകുംവിധം നിങ്ങളുടെ കുറ്റബോധം ആത്മാർഥമാണെങ്കിൽ നഷ്ടപ്പെട്ടുവെന്നു കരുതിയ ഒരു കുടുംബാന്തരീക്ഷം നിങ്ങൾക്കു തിരിച്ചെടുക്കാനായേക്കും. ഭർത്താവിനോടുള്ള തുറന്നുപറച്ചിൽ ആ വ്യക്തിയുടെ മാനസിക നിലവാരത്തെ ആശ്രയിച്ചിരിക്കുമെന്നിരിക്കേ, അനുകൂല സാധ്യതകൾ പൂർണമായും തള്ളിക്കളയേണ്ടതില്ല. പക്ഷേ, ഓർമിക്കുക- വിവാഹേതര ബന്ധത്തിൽ നിന്നുള്ള തിരിച്ചുവരവ് ഏറെക്കുറെ അസാധ്യമാണ്.

വിവാഹമോചനം, കുട്ടികളുടെ ഭാവി, കുടുംബത്തിന്റെ സാമൂഹ്യസ്ഥിതി, ബന്ധുക്കൾക്കുണ്ടാകുന്ന അപമാനം തുടങ്ങി ഒരുപാട് ഘടകങ്ങളെ അനാവശ്യബന്ധങ്ങൾ ബാധിക്കുമെന്നതിൽ സംശയമില്ല. ഭാവിയിൽ കുട്ടികൾക്കും ഈ വഴി തെരഞ്ഞെടുക്കാൻ സ്വയം മാതൃകയായി തീരുകയാണെന്നും ഓർക്കുക. ഒളിച്ചോട്ടത്തിൽ ഉപേക്ഷിച്ചുപോകുന്ന സ്വന്തം കുട്ടിയെ പങ്കാളികൂടി കൈവിടുകയാണെങ്കിൽ അവരുടെ ഭാവി എന്തായിരിക്കുമെന്നുകൂടി ചിന്തിക്കുക.

## വിവാഹേതര ബന്ധങ്ങൾ ഒഴിവാക്കാം

● പരസ്പരം ബഹുമാനിക്കുകയും ചെറിയ കാര്യങ്ങളാണെങ്കിലും അഭിനന്ദിക്കുകയും ചെയ്യുക.

> വിവാഹേതരബന്ധങ്ങൾ ലൈംഗികരോഗങ്ങൾ അടക്കമുള്ള ഗുരുതര ആരോഗ്യപ്രശ്നങ്ങളിലേക്കും വഴിതെളിക്കും. മറ്റൊന്നു അവിഹിതബന്ധത്തിനു നിങ്ങളെ ഇരയാക്കപ്പെടുന്ന ആൾ പണത്തിനോ സ്വത്തിനോ ശരീരത്തിനോ വേണ്ടി തുടർന്നു നടത്തുന്ന ബ്ലാക്ക് മെയിലിങ്. അവിടെയും എല്ലാത്തരത്തിലും നഷ്ടം നിങ്ങൾക്കു മാത്രമാകും

● പങ്കാളിയോട് സത്യസന്ധത പുലർത്തുകയും മനഃസാക്ഷിവെടിഞ്ഞു പ്രവർത്തിക്കാതിരിക്കുകയും ചെയ്യുക.

● എല്ലാക്കാലത്തും പരസ്പരം പ്രിയപ്പെട്ടവരാണെന്നു ഓർമിക്കുക.

● തുറന്നു കേൾക്കാനും മനസിലാക്കാനും ഒരുമിച്ചു ചെലവഴിക്കാനും സമയം കണ്ടെത്തുക.

● ഭാര്യയായാലും ഭർത്താവായാലും വ്യക്തിസ്വാതന്ത്ര്യം പ്രധാനമാണ്. അതിനെ മാനിക്കുക.

● കടുംപിടുത്തം കുടുംബം തകർത്തേക്കും. അതിനാൽ ദുർവാശി ഒഴിവാക്കുക.

● ഏതു വിഷയത്തിലായാലും പരസ്പരം അഭിപ്രായം തേടുന്നത് നല്ലതാണ്. പക്ഷേ, അഭിപ്രായങ്ങൾ ഒരിക്കലും അടിച്ചേൽപ്പിക്കരുത്.

● പരിധിവിട്ട ആഗ്രഹങ്ങൾ ഒഴിവാക്കുകയും കൈയിലൊതുങ്ങുന്ന ആഗ്രഹങ്ങൾ സാധിക്കാനും ശ്രമിക്കുക. സ്വപ്നങ്ങളും താത്പര്യങ്ങളും പറയാം.

● ഒരിക്കലും പങ്കാളിയെ തരംതാഴ്ത്തുകയോ, അധിക്ഷേപിക്കുകയോ ചെയ്യരുത്.

● പരാതികളും കുറ്റങ്ങളും മാത്രം പറയുന്നത് വെറുപ്പിലേക്കേ വഴിതെളിക്കുകയുള്ളൂ

● കുറ്റങ്ങൾ കണ്ടെത്തിയാൽപോലും അത് തിരുത്താൻ ശ്രമിക്കുന്ന നല്ലൊരു സുഹൃത്താകുക.

● പങ്കാളിയുടെ സുഹൃത്തുക്കൾ ആരാണെന്നു പരസ്പരം അറിയുക. പങ്കാളി അറിയാത്ത ഒരു സുഹൃത്തും നിങ്ങളുടെ ജീവിതത്തിൽ ഉണ്ടാകരുത്.

● സ്വകാര്യത പങ്കാളികൾക്കു ഒരിക്കലും വ്യത്യസ്തമാകരുത്. അവിടെ മറച്ചുവയ്ക്കലുകൾ പാടില്ല.

● ഫേസ്ബുക്ക്, വാട്സ് ആപ്പ്, ജിമെയിൽ അക്കൗണ്ടുകൾ സുതാര്യമായിരിക്കുക. പങ്കാളികളിൽ ആർക്കും മറ്റൊരാളുടെ അക്കൗണ്ടുകൾ പരിശോധിക്കാൻ കഴിയണം.

● സോഷ്യൽ മീഡിയ സൗഹൃദങ്ങൾക്കു പരിധി നിശ്ചയിക്കുക. സ്വന്തം കുടുംബത്തിന്റെ കഥ പറയാനോ, പങ്കാളിയുടെ കുറ്റങ്ങൾ പറയാനോ ഉള്ള ഇടമല്ല സോഷ്യൽ മീഡിയയെന്ന മനസിലാക്കുക.

## ഓർമിക്കാൻ മറ്റു ചിലതുകൂടി

വിവാഹ ജീവിതത്തിലേക്കു പ്രവേശിക്കുന്നവർ നിർബന്ധമായും പ്രീമാരിറ്റൽ കൗൺസിലിങ്ങിനു വിധേയമായിരിക്കണം. കുടുംബജീവത്തെക്കുറിച്ചുള്ള ഉത്കണ്ഠകൾ പരിഹരിക്കുന്നതിനും കുടുംബത്തെ എങ്ങനെ മുന്നോട്ടു നയിക്കണം എന്നതിനെക്കുറിച്ചും വ്യക്തമായ രേഖാചിത്രം ഇത്തരം കൗൺസിലിങ് ക്ലാസുകൾ നിങ്ങൾക്കു നൽകും.

വിവാഹത്തിനുമുമ്പ് പൂർണമായ ലൈംഗിക വിദ്യാഭ്യാസം നേടിയിരിക്കാൻ ശ്രമിക്കുക. ലൈംഗികമായ അറിവില്ലായ്മകളും തെറ്റിദ്ധാരണകളും അസംതൃപ്തമായ ജീവിതത്തിലേക്കു നയിക്കുമെന്നതിനാൽ വിവാഹേതരബന്ധങ്ങളിലേക്കു പങ്കാളി ചിന്തിച്ചുവെന്നുവരാം. മറ്റൊന്നു തന്റെ പങ്കാളിക്ക് അവിഹിതബന്ധമുണ്ട് എന്നറിയുന്നത് ചിലപ്പോൾ ചിലരെയെങ്കിലും മാനസികമായും തളർത്തിയേക്കാം. ഒന്നുകിൽ താൻ വഞ്ചിക്കപ്പെട്ടുവെന്ന തിരിച്ചറിവോ അല്ലെങ്കിൽ പങ്കാളിയെ തൃപ്തിപ്പെടുത്തുന്നതിൽ താൻ പരാജയമാണെന്ന ബോധമോ വിഷാദരോഗം പോലെയുള്ള മാനസികാവസ്ഥയിലേക്കും നയിച്ചേക്കാം. സ്വന്തം വ്യക്തിത്വം പോലും നഷ്ടപ്പെട്ടുവെന്ന അവസ്ഥയിൽ അവർ ജീവിതം അവസാനിപ്പിക്കാൻ തീരുമാനിച്ചാലും കുറ്റപ്പെടുത്തേണ്ടതില്ല.

വിവാഹേതരബന്ധങ്ങൾ ലൈംഗികരോഗങ്ങൾ അടക്കമുള്ള ഗുരുതര ആരോഗ്യപ്രശ്നങ്ങളിലേക്കും വഴിതെളിക്കും. മറ്റൊന്നു അവിഹിതബന്ധത്തിനു നിങ്ങളെ ഇരയാക്കപ്പെടുന്ന ആൾ പണത്തിനോ സ്വത്തിനോ ശരീരത്തിനോ വേണ്ടി തുടർന്നു നടത്തുന്ന ബ്ലാക്ക് മെയിലിങ്. അവിടെയും എല്ലാത്തരത്തിലും നഷ്ടം നിങ്ങൾക്കു മാത്രമാകും.

ഒരു പങ്കാളിയെ മാത്രം ജീവിതത്തിൽ കരുതുന്നത് വ്യക്തിജീവിതത്തിന്റെ ഉയർച്ചക്കും വ്യക്തിത്വവികസനത്തിനും ഉത്തമമാണെന്നും ഏതു പ്രശ്നങ്ങളിലും ഒരു ഉറച്ച സപ്പോർട്ട് ഉണ്ടാകുന്നതിനു സഹായകമാണെന്നും മനസ്സിൽ കുറിക്കുക. അവിഹിതബന്ധങ്ങൾ ഒരിക്കലും നല്ലതിനാകില്ല. ■